ഓം ശ്രീ സായിരാം

# സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 17D

## വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

പ്രഫസർ അനിൽകുമാർ

## ജാനുവരി 2001

## പരിശീലകൻ പരുക്കനാവണം

അടുത്ത ഉപാഖ്യാനം മറ്റൊരു ദിനവുമായി ബന്ധപ്പെട്ടതാണ്. അന്നു കാലത്ത്, സ്വാമി കോളേജിലേക്കു വന്ന് ആൺകുട്ടികൾ പരേഡിന് മാർച്ച് ചെയ്യുന്നതു വീക്ഷിക്കുകയുണ്ടായി. ഒരു സ്കൂളിനു പുറകെ മറ്റൊന്നായി, ഒരു ബാച്ചിനുപുറകെ അടുത്തത് എന്ന ക്രമത്തിൽ, എല്ലാ ആൺകുട്ടികളും മാർച്ച് ചെയ്ത് വേദിക്കു മുന്നിലൂടെ കടന്നുപോകുന്നത് അവിടുന്ന് നിരീക്ഷിക്കുകയായിരുന്നു. സ്വാമി വീക്ഷിക്കുകയായിരുന്നു. സ്വാമി സന്തോഷവാനാവും എന്നാണ് ഞങ്ങൾ കരുതിയിരുന്നത്, പക്ഷേ ആ വൈകുന്നേരത്ത്, അവിടുന്ന് എല്ലാവരോടുമായി അരുളുകയുണ്ടായി, "ശരിയായ മാർച്ചിംഗിനായി, പരിശീലനവും അച്ചടക്കവും വളരെ ആവശ്യമാണ്. ഈ മാർച്ച് പഠിപ്പിക്കുമ്പോൾ, പരിശീലകർ വിദ്യാർത്ഥികളോട് വളരെ പരുക്കരാവണം. അവർക്ക് ഉദാരമനസ്കരാവാനാവില്ല. അവർ വളരെ കർക്കശക്കാരാവണം."

കമലാപുരത്തെ തന്റെ സ്കൂൾദിനങ്ങളിൽ തനിക്ക് അറിയാവുന്നത് അവിടുന്ന് ഞങ്ങളോട്



അരുളുകയുണ്ടായി. കടപ്പ ജില്ലയിൽ കമലാപുരം എന്നൊരു സ്ഥലമുണ്ട്, സ്വാമി അവിടെ കുറച്ചുനാൾ പഠിച്ചിരുന്നു.

സ്വാമി പറഞ്ഞു, "എന്റെ സ്കൂൾദിനങ്ങളിൽ, വളരെ കർക്കശക്കാരനായിരുന്ന ഒരു ഡ്രിൽ അധ്യാപകനുണ്ടായിരുന്നു. എന്തെങ്കിലും തെറ്റു ചെയ്യുകയാണെങ്കിൽ, അദ്ദേഹം ആൺകുട്ടികളെ ചൂരൽപ്രയോഗം നടത്തും. അദ്ദേഹം കുട്ടികളെ ചാട്ട കൊണ്ടടിക്കുമായിരുന്നു. വലിയ കർക്കശക്കാരൻ! രക്ഷിതാക്കൾ പരാതിയുമായി എത്തും, 'താങ്കൾ എന്തി

നാണ് എന്റെ മകനെ അടിച്ചത്?' ഉടനെ ഡ്രിൽ അധ്യാപകൻ പറയും, "നിങ്ങൾ നിങ്ങളുടെ മക്കളെ ഇങ്ങോട്ടയച്ചിരിക്കുന്നത് ഞങ്ങളവരെ അഭ്യസിപ്പിക്കുന്നതിനായാണ്. നിങ്ങൾ ഈ പരിശീലനം ആഗ്രഹിക്കുന്നില്ലെന്നുണ്ടെങ്കിൽ, അവരെ വീട്ടിലേക്ക് കൊണ്ടു പൊയ്ക്കൊള്ളൂ.' ആധുനിക അധ്യാപകർ വളരെ ഉദാരമനസ്കരാണ്. അതിനാൽ, കുട്ടികൾക്ക് അവരിൽനിന്നും ഒന്നും പഠിക്കാനാവുന്നില്ല."

എങ്ങനെയാണ് മാർച്ച് ചെയ്യേണ്ടതെന്നും സ്വാമി ഞങ്ങൾക്ക് പറഞ്ഞുതന്നു. "നിങ്ങൾ മാർച്ച് ചെയ്യുമ്പോൾ, നിങ്ങളുടെ കാല് വളയ്ക്കരുത്. നിങ്ങളുടെ കൈകൾ ഇരുവശങ്ങളിലും സ്വതന്ത്രമായി ആടണം. നിങ്ങൾ ഒരടി മുന്നോട്ടു വയ്ക്കുമ്പോൾ, കൈയ് മൊത്തത്തിൽ പുറകിലേക്ക് പോവണം; മാർച്ച് ചെയ്യേണ്ടത് 'ലെഫ്ട്, റൈറ്റ്' എന്നിങ്ങനെയാണ്. അതിനാൽ, കൈകൾ സ്വതന്ത്രമായി ചലിക്കണം. മാർച്ചിംഗിന്റെ ശരിയായ രീതിയാണിത്."

അടുത്തതായി സ്വാമി പറഞ്ഞു, "മാർച്ചിംഗിന് രണ്ടു ശൈലികളുണ്ട്-ബ്രിട്ടീഷ് മാർച്ചിംഗും ജർമ്മൻ മാർച്ചിംഗും. ഇന്ത്യയിൽ സ്വീകരിച്ചിരിക്കുന്ന ശൈലി ബ്രിട്ടീഷ് മാർച്ചിംഗ് ആണ്. അതിനാൽ, നിങ്ങളത് കൃത്യമായി ചെയ്യണം. മാർച്ച് ചെയ്യുമ്പോൾ, നിങ്ങളുടെ ഉപ്പൂറ്റി തറയിൽ അൽപ്പമൊന്ന് തൊടുകമാത്രമേ ചെയ്യാവൂ. അത് പൂർണമായും തറയിൽ പതിഞ്ഞിരിക്കരുത്. ഇതുപോലെ... ഇതുപോലെ...". എങ്ങനെയാണ് മാർച്ച് ചെയ്യേണ്ടതെന്ന് സ്വാമി കുട്ടികൾക്ക് കാട്ടിക്കൊടുത്തു. ഞാനിത് നിങ്ങളുടെ മുമ്പിൽ അഭിനയിക്കുകയല്ല.(*സ്വാമി ചെയ്തത് അനിൽകുമാർ കാട്ടിക്കൊടുത്തു*) എന്താണ് ചെയ്യേണ്ടതെന്ന് അവിടുന്ന് ഞങ്ങൾക്ക് കാണിച്ചുതരികയായിരുന്നു-സാവധാനമുള്ള മാർച്ച് എന്താണെന്ന്.

സ്വാമി മാർച്ചിംഗിനെപ്പറ്റി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ, അവിടുത്തെ കരങ്ങൾ വീശുകയും മറ്റും ചെയ്യുന്നുണ്ടായിരുന്നു. പരിശീലകരും ആർമിക്കാരും, സ്വാമിയെ ശ്രദ്ധിച്ചുകൊണ്ട്, "സ്വാമിക്ക് മാർച്ചിംഗ് അറിയാമോ? ഓ, അതേയോ" എന്നതിശയിച്ച്, അവരുടെ പുരികമുയർത്തി. എന്നാൽ, എന്റെ ചങ്ങാതിമാരേ, സായി എന്നാൽ അവബോധം(Awareness) ആണെന്ന് നാമറിയണം. അവബോധം എന്നാൽ പൂർണധാരണ (Total Understanding)യത്രേ, ഭാഗികമോ കുറച്ചോ ഖണ്ഡശ്ശയോ ഉള്ള ജ്ഞാനമല്ല. വാസ്തവത്തിൽ, സ്വാമി ഈ സമസ്തവിശ്വത്തെയും 'ലെഫ്ട്, റൈറ്റ്' എന്നിങ്ങനെ മാർച്ച്

ചെയ്യിക്കും. അവിടുന്നിന് മാർച്ചിംഗ് അറിയാമോയെന്ന് നാമെന്തിനാണ് വിചാരിക്കുന്നത്? പ്രഭുവിന് എല്ലാമറിയാം!

## ഭക്തി പൂർണത കൊണ്ടുവരുന്നു

മറ്റൊരു ദിവസം, സ്വാമി പ്രൈമറിസ്കൂൾ സന്ദർശനത്തിലായിരുന്നു. അവിടുന്ന് ആൺകുട്ടികളുടെ പ്രോഗ്രാം വീക്ഷിച്ചുകൊണ്ട് ഇപ്രകാരം പരാമർശിക്കുകയുണ്ടായി, "ഇവിടെ നോക്കൂ! പ്രൈമറിസ്കൂൾ കുട്ടികൾ എല്ലായ്പോഴും അവർക്ക് സാധ്യമായതിന്റെ പരമാവധി പ്രകടിപ്പിക്കുന്നു. എന്തുകൊണ്ട്? കുട്ടികൾ വളരെ ഭക്തിയുള്ളവരായതുകൊണ്ട്. നിങ്ങളുടെ കൂട്ടർക്കാവട്ടെ, നിങ്ങളുടെ പ്രായവും മസിലും ഉണ്ട്; നിങ്ങൾക്ക് സ്വാർത്ഥതയും ഉണ്ട്, അതുകൊണ്ട് നിങ്ങൾക്ക് അത്രയും ഭക്തിയില്ല. കൊച്ചുകുട്ടികൾക്ക് ഈഗോയില്ല. അവർ വളരെ നല്ലവരാണ്; അവർ നിഷ്കളങ്കരാണ്. നിങ്ങൾ പയ്യന്മാർക്ക് പ്രോഗ്രാമിന്റെ ഫലത്തെപ്പറ്റി ആകാംക്ഷയാണ്, അത് വിജയിക്കുമോയെന്ന്. നിങ്ങൾക്ക് ഫലത്തിലാണ് ശ്രദ്ധ, എന്നാൽ കൊച്ചുകുട്ടികൾ സ്വാമിയെ നോക്കിക്കൊണ്ട് എല്ലാം തുടങ്ങുന്നു. അത് അവർക്ക് വിജയം സമ്മാനിക്കുന്നു. ഇത് മനസ്സിലാക്കുക! നിങ്ങളുടെ പ്രോഗ്രാം പ്രൈമറിസ്കൂൾ കുട്ടികളുടെ പ്രോഗ്രാമിന്റെയത്ര രസകരമല്ല." (*ചിരി*)



അപ്പോൾ അവിടുന്ന് ആൺകുട്ടികളോട് പറഞ്ഞു, "കുട്ടികളേ, ആ കുഞ്ഞുങ്ങളെ കാണൂ! അവർക്ക് ഭയമില്ല. അവർ എവിടെയും കയറും–കുരങ്ങന്മാരെപ്പോലെ, എന്നാൽ നിങ്ങൾക്കോ ഒത്തിരി പേടിയുണ്ട്. നെപ്പോളിയനും ചർച്ചിലും ഒക്കെ എത്ര ധീരന്മാരായിരുന്നുവെന്ന് നിങ്ങൾക്കറിയുമോ! അവർക്കെത്ര ധൈര്യമായിരുന്നു എന്ന് നിങ്ങൾക്കറിയാമോ! അവർ പറഞ്ഞു, 'ശങ്കിക്കാതിരിക്കുക, ബാക്കിയൊക്കെ വന്നോളും. സംശയിക്കാതിരിക്കുക, ഒക്കെ ശരിയാവും.' അതുകൊണ്ട്, കുട്ടികളേ, പേടിയൊന്നും കൂടാതെ, പ്രാർത്ഥിക്കുകയും ധീരന്മാരായിരിക്കുകയും ചെയ്യുക."

2001-ലെ സ്പോർട്സ് മീറ്റ് സമാപിച്ചു, നമ്മുടെ കുട്ടികളെ പരിശീലിപ്പിക്കുന്നതിനായി എത്തിയ എല്ലാ മിലിട്ടറി പരിശീലകർക്കും സ്വാമി ഒരു ഇന്റർവ്യൂ അനുവദിച്ചു. ആകെ ഒൻപത് പരിശീലകരുണ്ടായിരുന്നു. "ഞാൻ പറഞ്ഞതൊക്കെ നിങ്ങൾ ശ്രദ്ധയോടെ കേൾക്കുന്നുണ്ടായിരുന്നു എന്ന് എനിക്കറിയാം." അപ്പോൾ ഭഗവാൻ (എന്തെങ്കിലും സൃഷ്ടിക്കുമ്പോൾ ചെയ്യുന്നതുപോലെ) അവിടുത്തെ തൃക്കരങ്ങൾ വീശി. ഉടനടി, ഒൻപത് വാച്ചുകൾ സൃഷ്ടിക്കപ്പെട്ടു. (*ചിരി*) അവിടുന്ന് അവ ഓരോരുത്തർക്കും വിതരണം ചെയ്യാൻ തുടങ്ങി.

എല്ലാവരും പറയുന്നുണ്ടായിരുന്നു, "ആ..! അതാണ് ബാബ!"

സ്വാമി തമാശകൾ പറയാനാരംഭിച്ചു. ഗുഡ്ബൈ പറയുമ്പോൾ, അവിടുന്ന് പൊടുന്നനെ ഒൻപത് മോതിരങ്ങൾ സൃഷ്ടിച്ചു! അവിടുന്ന് ഒന്നുവീതം എല്ലാവർക്കും നൽകി, ഓരോരുത്തരുടെയും വിരലിന് കൃത്യം പാകമായിരുന്നു അവ! (*ചിരി*) അതാണ് ഭഗവാൻ ബാബ!

## മന:സാക്ഷിയുടെ തൃപ്തി മതി

അപ്പോൾ ഞാൻ പറഞ്ഞു, "സ്വാമീ, ഇക്കൊല്ലത്തെ സ്പോർട്സ് മീറ്റിലെ നമ്മുടെ കുട്ടികളുടെ പ്രകടനം കണ്ടിട്ട് ആളുകൾ അവരെ പുകഴ്ത്തുന്ന വിവരം റിപ്പോർട്ടു ചെയ്യുന്നതിന് എനിക്ക് വളരെ സന്തോഷം തോന്നുന്നു."




ബാബ പറഞ്ഞു, "സ്വയം അധ:പതിക്കേണ്ട! സ്തുതികേട്ടിട്ട് നിങ്ങൾ തന്നത്താൻ ഞെളിയരുത്. ആളുകൾ നിങ്ങളെ പ്രശംസിക്കുകയോ നിന്ദിക്കുകയോ ചെയ്തോട്ടെ. നിങ്ങളുടെ മന:സാക്ഷിക്ക് തൃപ്തിയുണ്ടെങ്കിൽ, അതുമാത്രം മതി. ഇത് വളരെ പ്രധാനമാണ്. പ്രശംസ കേൾക്കുമ്പോൾ നിങ്ങൾ പൊങ്ങണ്ടാ, നിന്ദ കിട്ടുമ്പോൾ നിങ്ങൾ നിരാശപ്പെടുകയും വേണ്ടാ."

ഞാൻ പറഞ്ഞു, "സ്വാമീ, എനിക്കത് പറ്റുന്നില്ല. എന്റേതല്ലാത്ത കുറ്റത്തിന് ആളുകൾ എന്നെ പഴി

ക്കുമ്പോൾ എനിക്ക് ഒത്തിരി വേദന തോന്നുന്നു. സ്വാഭാവികമായും, ആളുകൾ എന്നെ പ്രശംസിക്കുമ്പോൾ എനിക്ക് പ്രോത്സാഹനവും തോന്നുന്നു. എന്തൊക്കെയായാലും, ഞാനൊരു മനുഷ്യജീവിയാണെന്ന് അവിടുന്നിന് അറിയാമല്ലോ. (*ചിരി*) ആരെങ്കിലും പറയുന്നുവെന്നിരിക്കട്ടെ, 'അനിൽകുമാർ, നിങ്ങൾ നന്നായി ചെയ്തു', എനിക്കത് കൊള്ളാമെന്നു തോന്നുന്നു. (*ചിരി*) കൂടുതൽ ചെയ്യാനുള്ള ഉത്തേജനം അതെനിക്കു തരുന്നു. നേരേമറിച്ച്, ആരെങ്കിലും പറയുന്നുവെന്നിരിക്കട്ടെ, 'എന്താണിത്, ഇതത്ര ശരിയായില്ല', അപ്പോൾ എനിക്ക് നിരാശ തോന്നുന്നു സ്വാമീ!"

ബാബ പറഞ്ഞു, "ഈ ലോകത്തിൽ, 'നല്ലതും ചീത്തയും' എന്നൊന്നില്ല. നിനക്ക് നല്ലതായത് മറ്റൊരുവന് മോശമായേക്കാം. മറ്റൊരുവന് ചീത്തയായത് നിനക്ക് നല്ലതായേക്കാം. അപ്പോൾ, മറ്റൊരുവന്റെ അഭിപ്രായം നിനക്കെങ്ങനെ കണക്കിലെടുക്കാനാവും? അപ്രകാരം ചിന്തിക്കാതിരിക്കുക."

## എല്ലാവർക്കും വേണ്ടി പ്രാർത്ഥിച്ചാൽ നിങ്ങളുടെ ആഗ്രഹവും സഫലമാവും

അപ്പോൾ സ്വാമി ഈ ഉദാഹരണം തന്നു:

"ഒരു ഗൃഹത്തിലെ വിവാഹച്ചടങ്ങ് നടക്കാറായിരുന്നു. അടുത്തായി, ഒരു കർഷകനും താമസിച്ചിരുന്നു, അയാൾ വിത്തു വിതയ്ക്കുന്നതിനായി മഴയ്ക്കുവേണ്ടി കാത്തിരിക്കുകയും. മറ്റേയാൾ, വിവാഹത്തിനായുള്ള ഒരുക്കങ്ങൾ ചെയ്തുകൊണ്ടിരുന്ന വ്യക്തി, ഈശ്വര




നോട് പ്രാർത്ഥിക്കുകയാണ്, 'ഓ ഭഗവാനേ, നാളെ മഴ പെയ്യാതിരിക്കട്ടെ, എന്റെ ഭവനത്തിൽ വിവാഹച്ചടങ്ങ് നടക്കാനുള്ളതാണ്." അതേസമയം, അതേ തെരുവിൽത്തന്നെ താമസിക്കുന്ന കൃഷിക്കാരന്റെ പ്രാർത്ഥനയോ, "ഭഗവാനേ, കനത്ത മഴ തരണേ(*ചിരി*), എനിക്ക് വിത്ത് വിതയ്ക്കാനുള്ളതാണ്. എങ്കിലേ വയലൊക്കെ തയ്യാറായി എനിക്ക് നല്ല വിളവു കിട്ടൂ.' ഒരാൾ മഴയ്ക്കുവേണ്ടി പ്രാർത്ഥിക്കുകയാണ്. മറ്റേയാൾ മഴ പെയ്യാതിരിക്കാനും."

"ഓ സ്വാമീ! അവിടുന്ന് വളരെ നല്ല ഒരു ദൃഷ്ടാന്തമാണ് തന്നിരിക്കുന്നത്. അതുകൊണ്ട്, ഞാനെന്തു ചെയ്യണം? (*ചിരി*) ഒരു കാര്യം മറ്റൊരുവന് നല്ലതല്ലെങ്കിൽ, ഞാൻ അവിടുന്നിനോട് പ്രാർത്ഥിക്കുന്നത് അവസാനിപ്പിക്കണമോ? എനിക്ക് നല്ലതായതിനുവേണ്ടി എനിക്ക് പ്രാർത്ഥിക്കാനാവില്ലേ?"

"ഇല്ല."

"സ്വാമീ, അപ്പോൾ ഞാനെന്തു ചെയ്യണം?"

ബാബ പറഞ്ഞു, "എല്ലാവർക്കുംവേണ്ടി പ്രാർത്ഥിക്കുക. നിങ്ങൾ എല്ലാവർക്കുംവേണ്ടി പ്രാർത്ഥിക്കുകയാണെങ്കിൽ, നിങ്ങളുടെ ആഗ്രഹങ്ങളും നിറവേറും. കർഷകനെ തൃപ്തനാക്കുന്നതിനായി മഴ പെയ്യും. വിവാഹസമയത്ത്, മഴ കാണുകയുമില്ല. നിങ്ങളുടെ പ്രാർത്ഥന സ്വാർത്ഥതയോടെയാണ് എങ്കിൽ, മഴയ്ക്കായി കൃഷിക്കാരനെപ്പോലെ പ്രാർത്ഥിക്കുകയാണെങ്കിൽ, എല്ലായിടത്തും വരൾച്ചയായിരിക്കും. അഥവാ, നിങ്ങൾ സ്വാർത്ഥതയോടെ വരൾച്ചയ്ക്കായാണ് പ്രാർത്ഥിക്കുന്നതെങ്കിൽ, മഴ കോരിച്ചൊരിയും, വിവാഹച്ചടങ്ങുകൾ അലങ്കോലപ്പെടുകയും ചെയ്യും. എല്ലായ്പോഴും എല്ലാവർക്കുവേണ്ടിയും പ്രാർത്ഥിക്കുക. ഇപ്രകാരം, നിങ്ങളുടെ ആഗ്രഹങ്ങളും സഫലമാവും."

## പ്രശാന്തിനിലയം ഒരു വലിയ വർക്ഷോപ്പ്

അപ്പോൾ ഞാൻ പറഞ്ഞു, "സ്വാമീ, ഈ മിലിട്ടറി ആളുകളൊക്കെ ഇവിടെത്തി നമ്മുടെ രീതികളുമായി നിഷ്പ്രയാസം യോജിച്ചുപോയി എന്നത് എത്ര തൃപ്തികരമാണ്. അവർക്ക് സ്വയം ഇവിടം വളരെ സുഖകരമായിരുന്നു."



ബാബ പറഞ്ഞു, "അല്ലല്ല! നമ്മുടെ സിസ്റ്റമാണ് അവരെ ഇവിടെ അനുയോജ്യരാക്കിയത്. (*ചിരി*) അവരീ സമ്പ്രദായത്തിന് അനുയോജ്യരായിരുന്നില്ല. ഈ സമ്പ്രദായമാണ്

അവരെ മാറ്റിയെടുത്തത്-ഇവിടെ തങ്ങുന്നതിന് യോജിച്ചവരാക്കിയത്''. എന്നിട്ടവിടുന്ന് അരുളിച്ചെയ്തു, ''പ്രശാന്തിനിലയം ഒരു വലിയ വർക്ഷോപ്പാണ്. ഈ 'കാറു'കളെല്ലാം റിപ്പയറിംഗിന് വന്നതാണ്. ഞാനവയെ അവ തകർന്നുപോവാത്തവിധം റിപ്പയർ ചെയ്ത്, തിരിച്ചയയ്ക്കുന്നു.''

## ഞാൻ എവിടെയായിരുന്നാലും നിങ്ങൾക്ക് സന്തോഷമായിരിക്കണം

''സ്വാമീ, എനിക്ക് അവസാനമായി ഒരു ചോദ്യം.''

''എന്താണത്?''

''സ്വാമീ, ബാംഗ്ലൂർ ഹോസ്പിറ്റൽ പണിതുകൊണ്ടിരിക്കുന്നതുകൊണ്ട്, അവിടുന്ന് ഇപ്പോൾ പതിവുള്ളതിലും കൂടുതൽ കാലം ബാംഗ്ലൂരിൽ തങ്ങും എന്ന് പലരും പറയുന്നുണ്ട്.''



സ്വാമി പറഞ്ഞു, ''ഞാനങ്ങനെ ആരോടും പറഞ്ഞില്ലല്ലോ. (*ചിരി*) നീയെന്തിനാണിങ്ങനെ അപവാദങ്ങൾ പരത്തുന്നത്? നോക്കൂ അനിൽകുമാർ, ഞാൻ ഇവിടെയാവട്ടെ, അവിടെയാവട്ടെ, ഞാൻ എവിടെയായിരുന്നാലും, നിങ്ങളെല്ലാവരും സന്തോഷത്തോടെയിരിക്കണം, നിങ്ങളെല്ലാവരും ഒത്തിരി ഒത്തിരി സന്തോഷത്തോടെയിരിക്കണം എന്നതാണ് ഞാൻ ആഗ്രഹിക്കുന്നത്, നിങ്ങളെല്ലാവരും ശാന്തിയോടെയിരിക്കണം എന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. എന്നെ സംബന്ധിച്ച് ഇതാണ് പ്രധാനം. ഞാൻ ശാരീരികമായി അവിടെയാവാം, പക്ഷേ ഞാൻ ആദ്ധ്യാത്മികമായി എല്ലായിടത്തുമുണ്ട്.''

ഇതോടെ, 2001-ലെ സംഭവങ്ങൾ അവസാനിക്കുന്നു.

*ഓം. ലോകാ സമസ്താ സുഖിനോ ഭവന്തു*

*ലോകാ സമസ്താ സുഖിനോ ഭവന്തു*

*ലോകാ സമസ്താ സുഖിനോ ഭവന്തു*

*ഓം ശാന്തി: ശാന്തി: ശാന്തി:*

*ജയ് ബോലോ ഭഗവാൻ ശ്രീ സത്യസായി ബാബാജീ കീ ജയ്!*



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)